സംരേണിയുടേയും പണി നടത്താനുണ്ട്. 1981-ലെ എസ്റ്റിമേറനു സരിച്ചാണ് പണി ആരംഭിച്ചത്. പണി പൂർത്തിയാക്കാനുള്ള റിവൈസ്ഡ് എസ്റ്റിമേറ് കേരള വാട്ടർ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന് അംഗീകാരം നൽകി 7 വർഷമായി തുടങ്ങിയ പദ്ധതി പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള അടിയന്തിര നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ? അങ്ങ് ഇക്കാര്യത്തിൽ താൽപ്പര്യപൂർവ്വം ഒരു ഉന്നതതല യോഗം വിളിച്ചിരുന്നു. അതിനുശേഷം ഒരു പുരോഗതിയുമുണ്ടായിട്ടില്ല. ഒന്നുകൂടി ഒരു ഉന്നതതല യോഗം വിളിച്ചു ചേർത്ത് പണി പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 1992-93 വർഷത്തിലാണ് ഈ പദ്ധതിക്ക് അനുമതി കൊടുത്തത്. അങ്ങ് പറഞ്ഞതുപോലെ പണി ആരംഭിച്ചത് 1998-ലാണ്. 85% പണി നടന്നിട്ടുണ്ട്. അങ്ങ് കൂടി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഒരു ഉന്നതതല യോഗം വിളിച്ചത്. ആ യോഗം വിളിച്ചതിനു ശേഷം അന്നുണ്ടായിരുന്ന പ്രധാനപ്പെട്ട ആവശ്യം റാ വാട്ടർ പമ്പിംഗ് മെയിനിനുള്ള 4610 മീറർ ഇടാനുള്ള പ്രവൃത്തി റീടെണ്ടർ ചെയ്യണം എന്നുള്ളതായിരുന്നു. അത് റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്, അതുകൊണ്ട് ആ യോഗം കൂടിയതുകൊണ്ട് ഒരു സ്റ്റെപ്പ് മുമ്പോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ ഈ പദ്ധതി പൂർത്തിയാക്കണമെങ്കിൽ 8 കോടി രൂപ കണ്ടെത്തണം. ഇപ്പോഴും കേരളാ വാട്ടർ അതോറിറ്റി സാമ്പത്തിക ബുദ്ധിമുട്ടിന്റെ മദ്ധ്യത്തിൽ നിൽക്കുകയാണ്. ഉന്നതതല യോഗം വിളിച്ചുകൂട്ടിയപ്പോഴും ഉണ്ടായ തീരുമാനത്തിന്റെ മുകളിൽ എടുത്ത നടപടി ഒരു സ്റ്റെപ് മുമ്പോട്ട് പോയതുപോലെ, ബാക്കി നടപടികളും കൃത്യമായി നടത്തുന്നതിന് വേണ്ടി കേരളാ വാട്ടർ അതോറിറ്റിയുടെ ധനസ്ഥിതിക്ക് വിധേയമായി ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്യും.

V. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് പരിഗണന

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം സമിതി ചെയർമാനുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

VI. ക്രമപ്രശ്നം

ഒരംഗത്തിന് പരമാവധി അവതരിപ്പിക്കാവുന്ന അനൗദ്യോഗിക ബില്ലുകളുടെ എണ്ണത്തിൽ നിയന്ത്രണം വേണമെന്നതു സംബന്ധിച്ച്

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാനൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. വളരെ അപൂർവ്വമായിട്ടാണ് വെള്ളിയാഴ്ചകളിൽ അംഗങ്ങൾക്ക് സ്വകാര്യ ബില്ലുകളോ പ്രമേയങ്ങളോ അവതരിപ്പിക്കാനുള്ള സൗകര്യം കിട്ടുന്നത്, അത് നറുക്കിട്ട് കിട്ടുന്ന സൗകര്യവുമാണ്. വെള്ളിയാഴ്ചകളിൽ പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിൽ വരുന്ന സന്ദർഭത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിന് ആദ്യം അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു. മന്ത്രി ബില്ലിനെ എതിർക്കുകയാണ്. പതിവ്; അതിന് മറുപടി പറയുന്നു. പിന്നീട് ആ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു. അതു സംബന്ധിച്ച തർക്കം ഇവിടെ നിലനിൽക്കുന്നുണ്ട്. തുടർ ചർച്ചയ്ക്കുള്ള സൗകര്യം പലപ്പോഴും സഭയിൽ ലഭിക്കുന്നില്ല. അതാണ് കണ്ടുവരുന്ന പ്രയാസം. ഞങ്ങൾക്ക് നേരിട്ട് ബോദ്ധ്യപ്പെട്ട കാര്യവുമാണ്. ആദ്യം ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളാണ് അവതരിപ്പിക്കുന്നത്. പുതിയ ബില്ലുകൾ അവതരിപ്പിക്കലാണ്. ആ ബില്ലുകൾ അവതരിപ്പിച്ചു കഴിഞ്ഞിട്ടാണ് തുടർ ചർച്ചകൾക്കുള്ള അവസരം വരുന്നത്. അത് അവസാനമാണ്. അപ്പോഴേ ആദ്യത്തെ ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിൻമേലുള്ള ചർച്ചപോലും ഇവിടെ പൂർത്തിയാകുന്നില്ല. അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്, ചിലപ്പോൾ ഒരു മെമ്പറുടെ തന്നെ പത്തും പതിനഞ്ചും ബില്ലുകൾ വരികയാണ്. നറുക്കിട്ട് വരുമ്പോൾ മറ്റ് മെമ്പർമാർക്ക് അവസരം കിട്ടുന്നില്ല. അതുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള ഒരു നിയന്ത്രണം വേണം. ഒരു സഭയിൽ സ്വകാര്യ ബില്ലുകൾ എത്രയെണ്ണം അവതരിപ്പിക്കാം, ഒരു ദിവസം എത്രയെണ്ണം അവതരിപ്പിക്കാം—അങ്ങനെ ഏതെങ്കിലും രൂപത്തിലുള്ള നിയന്ത്രണമെന്ന് ഞാൻ പറയുന്നില്ല, ഒരു നടപടിക്രമം അതിനുണ്ടാകണം. ഇന്ന് തുടർ ചർച്ചയ്ക്കുള്ള എന്റെ ബിൽ പണിമുടക്കവകാശത്തെ സംബന്ധിച്ചുള്ള ബില്ലാണ്. എന്നാൽ ഈ സാഹചര്യത്തിൽ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ചയ്ക്കുള്ള അവസരം കിട്ടുമെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് എന്തെങ്കിലും ഒരു നിയന്ത്രണം അങ്ങയുടെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ ഉണ്ടാകണം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഗവൺമെന്റിന്റെ ഭാഗം കൂടി കേട്ടതിനുശേഷം അങ്ങ് നിഷ്പക്ഷമായ ഒരു അഭിപ്രായം പറയണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇവിടെ ഗവൺമെന്റിനുണ്ടാകുന്ന ഒരു പ്രയാസം ധാരാളം ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളും വരികയാണ്. വരുന്ന ബില്ലുകളെല്ലാം അംഗീകരിക്കണമെന്ന് പറയുന്നത് അപ്രായോഗികമാണ്. കാരണം പ്രൈവറ്റ് മെമ്പേഴ്സ് 140 ആളുകളും ഓരോ ബിൽ കൊണ്ടു വന്നാൽ—അങ്ങനെ നിയമനിർമ്മാണങ്ങളും നടക്കില്ല. ചർച്ച ചെയ്യുന്നതിനുള്ള സമയം കൊടുക്കണം. പക്ഷേ സമയം പരിമിതമാണ്, ചർച്ചയിൽ പങ്കെടുക്കുന്ന ആളുകളും ഒരു ആത്മനിയന്ത്രണം പാലിക്കാൻ തയ്യാറായാൽ കുറേ കാര്യങ്ങൾക്ക് പോംവഴിയുണ്ടാകും. ബില്ലുകളുടെ സെലക്ഷൻ പ്രയോറിറ്റി നിശ്ചയിക്കണം. പ്രയോറിറ്റി നിശ്ചയിക്കുന്നതിലും ഒരു മാനദണ്ഡമുണ്ടാകണം. ഇത് രണ്ടും കൂടി ഉണ്ടാവുകയാണെങ്കിൽ ചർച്ച കൂടുതൽ ഫലവത്താകും. അതനുസരിച്ച് അങ്ങയുടെ റൂളിംഗ് ഉണ്ടാകണം.

റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറും മന്ത്രിയും പറഞ്ഞ കാര്യങ്ങൾ വളരെ ശരിയാണ്. ഇപ്പോൾ സാങ്കേതികമായി അതിനൊരു നിയന്ത്രണം അടിച്ചേൽപ്പിക്കാൻ കഴിയില്ല. അനുഭവങ്ങളുടെ വെളിച്ചത്തിൽ, കുറേക്കൂടി പാർട്ടിസിപ്പേഷൻ വേണം. ഇവിടെ പാർലമെന്ററികാര്യ വകുപ്പുമന്ത്രി ബില്ലിന്റെ അവതരണാനുമതിക്കുള്ള എല്ലാ പ്രമേയത്തിനും മറുപടി പറയണമെന്നായിരുന്നു. പിന്നീട് അതു മാറ്റി; ബന്ധപ്പെട്ട വകുപ്പു മന്ത്രിമാർ ആരോരുത്തരും റിയാക്ട് ചെയ്യണമെന്ന് പറഞ്ഞു. അത്

LIBRARY ARCHIVES Kerala Legislative Assembly

കുറേക്കൂടി പാർട്ടിസിപ്പേഷനുണ്ടായി. എന്നാൽ ഒരു ദിവസം ഒരാളുടെ നാലോ അഞ്ചോ ബിൽ വരികയാണെങ്കിൽ നടപടിക്രമങ്ങളുടെ ഭംഗിയെ സംബന്ധിച്ച് അപാകതയുണ്ട്. സന്ദർഭം നഷ്ടപ്പെടുന്നുണ്ട്. അതുകൊണ്ട് എന്റെ അഭിപ്രായം അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച് സമിതി ഈ കാര്യം പരിഗണിച്ച് സഭയുടെ അംഗങ്ങളുടെ അഭിപ്രായങ്ങളും ആരാഞ്ഞ്, പരമാവധി ബില്ലുകൾക്ക് അവസരം ലഭിക്കത്തക്ക വിധം ഷെഡ്യൂൾ ചെയ്യാനുള്ള ഒരു സംവിധാനം ഉണ്ടാക്കണമെന്നാണ്.

VII. അനുമോദനം

ശ്രീ. കെ. നാരായണക്കുറുപ്പ് നിയമസഭാ സാമാജികനായതിന്റെ കനകജൂബിലി ആഘോഷത്തിന്

മി. സ്പീക്കർ: നമ്മുടെ ഇവിടുത്തെ ഒരു സീനിയർ മെമ്പറായ ശ്രീ. കെ. നാരായണക്കുറുപ്പ് 1954-ലാണ് ആദ്യമായിട്ട് നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടത്. തുടർന്ന് അദ്ദേഹം 8 പ്രാവശ്യം വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. നാളെ അദ്ദേഹത്തിന്റെ ജൻമനാട്ടിൽ അദ്ദേഹം ആദ്യം നിയമസഭാംഗം ആയതിന്റെ കനകജൂബിലി ആഘോഷിക്കുകയാണ്. നിയമസഭാംഗം എന്നുള്ള നിലയിൽ ശ്രീ. കെ. നാരായണക്കുറുപ്പ് നമുക്കെല്ലാവർക്കും പ്രിയങ്കരനായിട്ടുള്ള ആളാണ്. കനക ജൂബിലി ആഘോഷിക്കാൻ നാട്ടുകാർ തീരുമാനിച്ചത് നന്നായി. അദ്ദേഹത്തിന് സകലവിധ ഭാവുകങ്ങളും നേരുന്നു.

റൂളിംഗ്

അനൗദ്യോഗിക ബില്ലിന് അവതരണാനുമതി നൽകുന്നതു സംബന്ധിച്ച്

(8-7-2005-ന് ബഹുമാനപ്പെട്ട സ്പീക്കർ മറെറാരു ദിവസത്തേക്കായി മാറിവച്ച റൂളിംഗ്)

മി. സ്പീക്കർ: കഴിഞ്ഞ അനൗദ്യോഗിക ബില്ലുകളുടെ ദിവസത്തിൽ ഒരു പ്രശ്നം ഇവിടെ ഉണ്ടായതായിട്ട് ഓർക്കുന്നുണ്ടാകും. ഞാൻ ചെയറിൽ ആ സമയം ഉണ്ടായിരുന്നില്ല. ഞാൻ പരിശോധിച്ചു കാര്യങ്ങൾ
11 a.m.] പറയാം. റൂളിംഗ് നൽകാമെന്നു പറഞ്ഞു. അതനുസരിച്ച് റൂളിംഗ് ഞാൻ പറയുകയാണ്. 8-7-2005-ൽ 2005-ലെ കേരള സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും സ്വകാര്യ ചിട്ടി—കുറി കമ്പനികളിലെ ജീവനക്കാർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനുമുള്ള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ച വേളയിൽ ഗവൺമെന്റ് ഭാഗത്തുനിന്ന് പ്രസ്തുത പ്രമേയത്തെ എതിർത്തതിനാൽ പ്രമേയാവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന നടത്തുന്നതിന് ചെയർ അനുമതി നൽകി. അംഗത്തിന്റെ പ്രസ്താവനയ്ക്കുശേഷം മന്ത്രി വിശദമായ മറുപടി നൽകുകയും പ്രമേയം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ഇവിടെ തുടർന്നുവരുന്ന നടപടിക്രമം അനുസരിച്ച് പ്രമേയാവതാരകൻ പ്രമേയം പ്രസ് ചെയ്യാതെ സഭയുടെ അനുമതിയോടെ പിൻവലിക്കുകയാണ് പതിവ്. എന്നാൽ 8-7-2005-ൽ പ്രമേയാവതാരകൻ പ്രമേയം പ്രസ് ചെയ്യുന്നു എന്നും ചർച്ച തുടരാമെന്നുമാണ് പറഞ്ഞത്. അംഗത്തിന്റെ ആവശ്യത്തിൻമേൽ മാത്രം ആവശ്യപ്പെട്ടു. രേഖകൾ പരിശോധിച്ചതിൽനിന്നും 12 പേർ അനുകൂലിച്ചും കരാം എതിർത്തും ആറ് പേർ വോട്ട് ചെയ്യാതെ വിട്ടു നിന്നതായും

LIBRARY ARCHIVES Kerala Legislative Assembly